# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6762 12.07.2012- ൽ മറുപടിക്ക്

### ഉത്സവകാലങ്ങളിൽ കൈത്തറി സംഘങ്ങൾക്ക് അനുവദിക്കുന്ന റിബേറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഉത്സവകാലങ്ങളിൽ കൈത്തറി സംഘങ്ങൾക്ക് അനുവദിക്കുന്ന റിബേറ്റിൽ സംഘങ്ങൾക്ക് നൽകാനുള്ള മൊത്തം കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ; | (എ) കേരളത്തിലെ വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള വിവിധ ഉത്സവകാലങ്ങളിലെ റിബേറ്റ് ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ മൊത്തം 5.97 കോടി രൂപ റിബേറ്റ് കുടിശ്ശികയിനത്തിൽ കൈത്തറി സംഘങ്ങൾക്ക് നല്കുവാനുണ്ട്. |
| (ബി) നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനും കൈത്തറി മേഖലയുടെ വളർച്ചയ്ക്കും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ? | (ബി) നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനും കൈത്തറി മേഖലയുടെ വളർച്ചയ്ക്കുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് സബ്സിഡി നൽകുന്നു.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നൽകുന്നു.<br>3. ഹാൻടെക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപ്പനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും നൽകുന്നു.<br>4 വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോടനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പന വിൽപ്പന മേളകൾ എന്നിവ സംഘടിപ്പിക്കുന്നു. |

5. കയറ്റുമതി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകി വരുന്നു.

6. കൈത്തറി നെയ്ത്തുകാർക്ക് വേണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.

7. എൽ.ഐ.സി യും കേന്ദ്രഗവൺമെന്റും /സംസ്ഥാന ഗവൺമെന്റും ചേർന്ന് കൈത്തറി നെയ്ത്തുകാർക്കായി എം.ജി.ബി.ബി.വൈ എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു.

8. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിയ്ക്കുന്നതിന് സഹായം നൽകുന്നു.

9. കൈത്തറി നെയ്ത്തുകാർക്ക് കഴിനൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായവിലയ്ക്ക് യഥാസമയം ലഭിയ്ക്കുന്നതിനായി ഏഴ് യാൺ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു.

10. കേന്ദ്ര ഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതിയും ഗ്രൂപ്പ് അപ്രോച്ച് പദ്ധതിയും നടപ്പിലാക്കി വരുന്നു.

11. കൈത്തറി വസ്തുങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം നടത്തിവരുന്നു.

12. പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം നൽകുന്നു.

13. കൈത്തറി നെയ്ത്ത് സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗിക യന്ത്രവത്ക്കരണത്തിന് 100% ഗ്രാന്റ് നൽകുന്നു.

14. കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം നൽകുന്നു.

15. അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നു.

16. കൈത്തറി തൊഴിലാളികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നുണ്ട്.

17. ഫാക്ടറിയേതര സൊസൈറ്റികളിലെ നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ് നൽകുന്നു.

18. ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധതൊഴികളേയും പ്രവർത്തനോന്മുഖമാക്കുന്നതിന് പ്രചോദന പരിപാടി നടപ്പിലാക്കുന്നു.

19. കൈത്തറി മേഖലയിൽ കേന്ദ്രഗവൺമെന്റിന്റെ "പുനരുദ്ധാരണ പുനരാവിഷ്കൃത പാക്കേജ്" നടപ്പിലാക്കുന്നു.

കൈത്തറി വ്യവസായത്തിനായി 2012-13 ബഡ്ജറ്റിൽ കേന്ദ്ര വിഹിതമുൾപ്പെടെ 63.20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**